ഉത്തരം

(എ) സംസ്ഥാനത്ത് അഞ്ച് ഹെക്ടറിൽ താഴെ വിസ്തൃതിയുള്ള, ലൈസൻസോടു കൂടി പ്രവർത്തിക്കുന്ന 1446 ക്വാറികളുണ്ട്. അവയുടെ ജില്ല തിരിച്ചുള്ള എണ്ണം അനുബന്ധം I ആയി ചേർക്കുന്നു.*

(ബി) 31 എണ്ണം.

(സി) 274 എണ്ണം.

(ഡി) ആകെ 100 എണ്ണം അവയുടെ ജില്ല തിരിച്ചുള്ള എണ്ണം അനുബന്ധം II ആയി ചേർത്തിരിക്കുന്നു.*

(ഇ) വിവരം ശേഖരിച്ചുവരുന്നു.

കാസർഗോഡ് ജില്ലയിലെ ചെങ്കൽ, കരിങ്കൽ ക്വാറികൾ

175(T*2164) ശ്രീ. ഇ. ചന്ദ്രശേഖരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാസർഗോഡ് ജില്ലയിൽ എത്ര ചെങ്കൽ, കരിങ്കൽ ക്വാറികളാണ് നിലവിലുള്ളതെന്ന് പഞ്ചായത്ത് തിരിച്ച് കണക്ക് നൽകാമോ ;

(ബി) ഇതിൽ എക്സ്പ്ലൊസീവ് ലൈസൻസ് ലഭിച്ചിട്ടുള്ള ക്വാറികൾ ഉണ്ടോ ;

(സി) എങ്കിൽ ക്വാറി, സ്ഥലം, ലൈസൻസ് കാലാവധി എന്നിവ സംബന്ധിച്ച വിവരങ്ങൾ നൽകാമോ ?

ഉത്തരം

(എ) കാസർഗോഡ് ജില്ലയിൽ 154 ചെങ്കൽ ക്വാറികൾക്ക് പെർമിറ്റ് നൽകിയിട്ടുണ്ട്. ഇതിന്റെ പഞ്ചായത്ത് തിരിച്ചുള്ള കണക്കുകൾ അനുബന്ധമായി ചേർത്തിരിക്കുന്നു.* കരിങ്കൽ ക്വാറികളെ സംബന്ധിച്ച വിവരം ശേഖരിച്ചു നൽകുന്നതാണ്.

(ബി&സി) വിവരം ശേഖരിച്ചുവരുന്നു.

കൈത്തറി ഉല്പന്നങ്ങളുടെ വിപണനം

176(2165) ശ്രീ. തോമസ് ഉണ്ണിയാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

'T' മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു

LIBRARY ARCHIVES Kerala Legislative Assembly

(എ) കൈത്തറി ഉല്പന്നങ്ങളുടെ വിപണനത്തിന്റെ പ്രചരണത്തിനായി സ്വീകരിച്ച നടപടികൾ വിശദമാക്കാമോ ;

(ബി) പ്രസ്തുത മേഖലയിലുള്ള തൊഴിലാളികൾക്ക് ഇൻഷ്വറൻസ് ഏർപ്പെടുത്തിയിട്ടുണ്ടോ ;

(സി) അവരുടെ ക്ഷേമത്തിനായി സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ വ്യക്തമാക്കാമോ ?

ഉത്തരം

(എ) കൈത്തറി വസ്ത്രങ്ങളുടെ പ്രചരണത്തിനായി സംസ്ഥാനത്തെ പ്രധാനപ്പെട്ട ജംഗ്ഷനുകളിലും വിവിധ ഹൈവേകളിലും ഹോർഡിംഗ്സ് സ്ഥാപിക്കൽ, വിഷ്വൽ ഇലക്ട്രോണിക് മീഡിയ, പത്രം, മാഗസിൻ എന്നിവയിലൂടെ പരസ്യം എന്നിവ നൽകിവരുന്നു. കൈത്തറി ഉൽപ്പന്നങ്ങളെക്കുറിച്ച് വിദ്യാർത്ഥികളിലും രക്ഷകർത്താക്കളിലും അവബോധം ഉണ്ടാക്കുന്നതിന് സ്കൂൾ തലത്തിൽ ചിത്രരചനാ മത്സരവും, കോളേജ് തലത്തിൽ കൈത്തറി ഉൽപ്പന്നങ്ങളുടെ മേന്മയും നിലവാരവും വ്യക്തമാക്കുന്ന സെമിനാറുകളും ഡിസൈൻ ഷോകളും സംഘടിപ്പിക്കുകയും ചെയ്യുന്നു. കൂടാതെ സർക്കാർ ജീവനക്കാരും പൊതുജനങ്ങളും ആഴ്ചയിൽ ഒരു ദിവസം കൈത്തറി വസ്ത്രം ധരിക്കണം എന്നുള്ള സർക്കാർ ഉത്തരവ് സംസ്ഥാനത്തിന്റെ പ്രധാന ടൂറിസ്റ്റ് കേന്ദ്രങ്ങളിലും ശിലാഫലകത്തിൽ രേഖപ്പെടുത്തി ശ്രദ്ധിക്കപ്പെടുന്ന തരത്തിൽ സ്ഥാപിച്ച് പ്രദർശിപ്പിച്ചുവരുന്നു. കൈത്തറിയുടെ ഗുഡ്വിൽ അംബാസഡറായ ശ്രീ. മോഹൻലാലിനെ ഉൾപ്പെടുത്തി ഹോർഡിംഗ്സ് എല്ലാ ജില്ലകളിലേയും പ്രധാന ജംഗ്ഷനുകളിൽ സ്ഥാപിച്ചുവരുന്നു. ഉത്സവ സീസണുകളിൽ സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ പ്രദർശന വിൽപ്പനമേളകൾ സംഘടിപ്പിച്ച് ഉൽപ്പന്ന വൈവിധ്യം സംബന്ധിച്ച പ്രചാരണം നടത്തുന്നു. 2012-ൽ അത്തംദിനം കൈത്തറി ദിനമായി സർക്കാർ പ്രഖ്യാപിക്കുകയും തുടർന്ന് എല്ലാ വർഷവും അത്തംദിനം കൈത്തറി ദിനമായി ആചരിക്കുകയും അതിനോടനുബന്ധമായി വിവിധ മാധ്യമങ്ങളിലൂടെ പരസ്യം നൽകുകയും വിവിധ സ്ഥാപനങ്ങളിൽ പ്രചരണ പരിപാടികൾ സംഘടിപ്പിക്കുകയും ചെയ്തുവരുന്നു. പൊതുജനങ്ങൾക്ക് കൈത്തറി വസ്ത്രം തിരിച്ചറിയുന്നതിനു വേണ്ടി ഹാന്റ്ലൂം മാർക്ക് നിർബന്ധമാക്കുകയും വിവിധ മാധ്യമങ്ങളിലൂടെ ഇതു സംബന്ധിച്ച പരസ്യം നൽകുകയും ചെയ്യുന്നു. കൂടാതെ വിവിധ ജില്ലകളിൽ നിന്നും വിദഗ്ധരായ 50 നെയ്ത്തുകാരെ തെരഞ്ഞെടുത്ത് അവർക്ക് പരിശീലനം നൽകി അവരുടെ ഉൽപ്പന്നങ്ങളിൽ നിന്ന് മികച്ചത് തെരഞ്ഞെടുത്ത് അവാർഡ് നൽകുന്നു.

(ബി) ഉണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) കൈത്തറി തൊഴിലാളികളുടെ ക്ഷേമത്തിനായി അംശദാനമിതവ്യയ സമ്പാദ്യ പദ്ധതി നടപ്പിലാക്കുന്നുണ്ട്. വരിക്കാരുടെയും അവരുടെ കുടുംബാംഗങ്ങളുടെയും ചികിത്സാചെലവുകൾ, വിവാഹത്തിനും കുട്ടികളുടെ വിദ്യാഭ്യാസത്തിനുമുള്ള ചെലവുകൾ, സംഘത്തിലെ ഓഹരിയെടുക്കുന്നതിനുള്ള ചെലവ്, വീട് വയ്ക്കാൻ സ്ഥലം വാങ്ങൽ, വീടുകളുടെ നിർമ്മാണം/വാങ്ങൽ/മാറ്റം/അറ്റകുറ്റപ്പണികൾ എന്നിവയ്ക്കുള്ള ചെലവ് മുതലായവ വഹിക്കുന്നതിനാണ് ഈ പദ്ധതി അനുസരിച്ച് സഹായം നൽകുന്നത്. ഇതിൽ 50% ത്തോളം വനിതാ നെയ്ത്തുകാർക്കായി ഉദ്ദേശിച്ചിരിക്കുന്നു. 20,000 നെയ്ത്തുകാരെ ഉൾപ്പെടുത്തുന്ന ഈ പദ്ധതിയിൽ കുറഞ്ഞത് കൂലിയുടെ 8% ത്തോളം നെയ്ത്തുകാരുടെ കയ്യിൽനിന്നും ഫണ്ടിലേക്ക് ഈടാക്കുകയും അതിനും ഏകദേശം തന്നെ സർക്കാർ വിഹിതമായി ഫണ്ടിൽ നിക്ഷേപിക്കുകയും ചെയ്യുന്നു.

ഇ -ഫയൽ സമ്പ്രദായം

177(2166) പ്രൊഫ. സി. രവീന്ദ്രനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇ-ഫയൽ സമ്പ്രദായം എല്ലാ വകുപ്പുകളിലും നടപ്പിലാക്കിക്കഴിഞ്ഞിട്ടുണ്ടോ എന്ന് വിശദമാക്കാമോ ;

(ബി) ഇ-ഫയലിംഗ് പ്രായോഗികതലത്തിൽ കൊണ്ടുവന്നപ്പോൾ ഉണ്ടായ ബുദ്ധിമുട്ടുകളെക്കുറിച്ച് പഠനം നടത്തിയിട്ടുണ്ടോ ; എങ്കിൽ എന്തൊക്കെയാണെന്ന് വിശദമാക്കാമോ ?

ഉത്തരം

(എ) ഇല്ല. നിലവിൽ സെക്രട്ടേറിയറ്റിലെ 19 വകുപ്പുകളിൽ ഇ-ഓഫീസ് സംവിധാനം ആരംഭിച്ചിട്ടുണ്ട്. സെക്രട്ടേറിയറ്റിലെ ബാക്കിയുള്ള വകുപ്പുകളിൽ നടപ്പിലാക്കാനുള്ള നടപടികൾ ത്വരിതഗതിയിൽ നടന്നുവരുന്നു. ഇതു കൂടാതെ 7 കളക്ടറേറ്റുകൾ 6 സബ് കളക്ടർ ഓഫീസുകൾ 15 ഡയറക്ടറേറ്റുകൾ എന്നിവിടങ്ങളിലും ഇ-ഓഫീസ് സംവിധാനം നടപ്പിലാക്കുന്നതിനായി ഈ സാമ്പത്തിക വർഷം 2.75 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. തുടർ നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) കേന്ദ്ര സർക്കാർ പിൻതുടരുന്ന ഓഫീസ് മാന്വൽ അനുസരിച്ച് എൻ.ഐ.സി. വികസിപ്പിച്ചെടുത്ത സോഫ്റ്റ് വെയർ ആയ ഇ-ഓഫീസ് സംസ്ഥാനത്ത് നടപ്പാക്കിയപ്പോൾ ചില പ്രയാസങ്ങൾ തുടക്കത്തിൽ അനുഭവപ്പെട്ടതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. മാന്വൽ സമ്പ്രദായത്തിൽ നിന്നും ഇലക്ട്രോണിക്സ് സമ്പ്രദായത്തിലേയ്ക്ക് മാറുമ്പോഴുണ്ടാകുന്ന

LIBRARY ARCHIVES Kerala Legislative Assembly